പോലീസ് മർദ്ദനമേറ്റ് മരണ മടഞ്ഞ ഹൂസൈന്റെ കുടുംബത്തിനു ധനസഹായം

80(821) ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ മേപ്പാടി പഞ്ചായത്തിലെ എരുമകൊല്ലിയിൽ പോലീസ് മർദ്ദനത്തെ തുടർന്ന് മരണപ്പെട്ട എരിക്കോട് ഹൂസൈന്റെ കുടുംബത്തിന് ധനസഹായം നൽകുന്നതിന് ദേശീയ മനുഷ്യാവകാശ കമ്മിഷൻ ഗവൺമെന്റിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര രൂപാ ധനസഹായം നൽകുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്;

(സി) ധനസഹായം എപ്പോൾ ഹൂസൈന്റെ കുടുംബത്തിന് നൽകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) രണ്ട് ലക്ഷം രൂപ

(സി) ദേശീയ മനുഷ്യാവകാശ കമ്മിഷന്റെ നിർദ്ദേശം സർക്കാർ പരിശോധിച്ച് വരുകയാണ്.

മഞ്ചേരി ജില്ലാ ആശുപത്രിയിൽ രോഗികളെ മർദ്ദിച്ച സംഭവം

81 (822) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. എം.കെ. മുനീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി ജില്ലാ ആശുപത്രിയിലെ രോഗികളെ മർദ്ദിച്ചതിനും ആശുപത്രി ഉപകരണങ്ങൾ കേടുവരുത്തിയതിനും എടുത്തിട്ടുള്ള കേസിന്റെ പുരോഗതി ഏത് ഘട്ടത്തിലാണ്;

(ബി) ഈ കേസിലെ പ്രതികളെ പിടികൂടിയോ;

(സി) ആരെല്ലാമാണ് പ്രതികൾ;

(ഡി) ഏതെല്ലാം രോഗികൾക്കാണ് മർദ്ദനം മൂലം പരിക്ക് പറ്റിയത്; ഇവരുടെ മൊഴി രേഖപ്പെടുത്തിയോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഇ) എത്ര രൂപയുടെ ആശുപത്രി ഉപകരണങ്ങൾ കേടുവരുത്തി എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മഞ്ചേരി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്താത്ത അന്വേഷണം നടത്തിയതിൽ പ്രതികളെ തിരിച്ചറിയാൻ കഴിയാത്തതിനാൽ 31.3.99 ൽ തീർപ്പു കല്പിച്ചിരിക്കുകയാണ്.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) രോഗികളെ മർദ്ദിച്ചതായി അറിവ് ലഭിച്ചിട്ടില്ലാത്തതിനാൽ മൊഴിരേഖപ്പെടുത്തിയിട്ടില്ല.

(ഇ) 116 രൂപ വില വരുന്ന ഒരു ടോർച്ച് കേടുവരുത്തിയിട്ടുണ്ട്.

റൗഡി ലിസ്റ്റിൽപ്പെട്ട ആളുകളെ പോലീസ് സേനയിലേക്ക് റിക്രൂട്ട് ചെയ്ത സംഭവം

82(823) ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ആർ ബാലകൃഷ്ണപിള്ള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റൗഡി ലിസ്റ്റിൽപ്പെട്ട ആളുകളെ പോലീസ് സേനയിലേക്ക് റിക്രൂട്ട് ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന് കാരണമെന്താണ്;

(സി) പോലീസ് സേനയിലേക്ക് ആളുകളെ റിക്രൂട്ട് ചെയ്യുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തെക്കെയാണ്;

(ഡി) ഇതിനു വിരുദ്ധമായി എന്തെങ്കിലും 1996-ന് ശേഷം നടന്നിട്ടുണ്ടോ;

(ഇ) കൊല്ലം ജില്ലയിലെ ഏതെങ്കിലും പോലീസ് സ്റ്റേഷനിൽ നിയമിക്കപ്പെട്ട കോൺസ്റ്റബിൾമാർ അവരെ നിയമിച്ച പോലീസ് സ്റ്റേഷനിൽ തന്നെ റൗഡി ലിസ്റ്റിൽപ്പെട്ടവരായിരുന്നു എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇങ്ങനെ നിയമിക്കപ്പെട്ട പോലീസുകാർ ആരെല്ലാമാണ്;

(ജി) ഇവർ എത്ര കേസുകളിൽ പ്രതികളായിരുന്നു; ഈ കേസുകളെല്ലാം ചാർജ് ചെയ്യപ്പെട്ടവയായിരുന്നോ;

(എച്ച്) ഈ കേസുകൾ പിൻവലിച്ചതിനുശേഷമാണോ സർക്കാർ ഇവരെ നിയമിച്ചത്?

ഉത്തരം

(എ) ഇല്ല

(ബി) ചോദ്യം ഉദിക്കുന്നില്ല

(സി) എഴുത്തു പരീക്ഷ, കായിക ക്ഷമതാ പരീക്ഷ, വൈദ്യപരിശോധന എന്നിവയിൽ വിജയം കൈവരിക്കണം. കൂടാതെ തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ സ്വഭാവത്തേയും, നടത്തയേയും പറ്റിഅന്വേഷിച്ച് പോലീസിൽ നിയമിക്കപ്പെടാൻ അർഹനാണെന്ന സർട്ടിഫിക്കറ്റ്, വെരിഫിക്കേഷൻ റോൾ എന്നിവയുടെ പരിശോധനയും റിക്രൂട്ട്മെന്റ് നടപടിക്രമത്തിൽപ്പെടുന്നു.

(ഡി) ഇല്ല

(ഇ)-(ജി) എഴുകോൺ പോലീസ് സ്റ്റേഷനിൽ സ്പെഷ്യൽ ഡ്യൂട്ടിക്കായി വന്ന ജയപ്രകാശ്, ഷാജി എന്നിവർ പ്രസ്തുത സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിരുന്ന ക്രൈം 114/94 കേസിലെ പ്രതികൾ ആയിരുന്നു. പ്രസ്തുത

LIBRARY ARCHIVES Kerala Legislative Assembly